"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ല – പള്ളിക്കര ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായ ശ്രീ. ജയൻ പി., ശ്രീ. രാധാകൃഷ്ണൻ എം.കെ. എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ല ജോയിന്റ് ഡയറക്ടർ ശ്രീമതി ഷൈനി ആർ.-നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3/2026/LSGD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 31/03/2023 തീയതിയിലെ E18-(SC-99/2022/KSD)42395/2022/DVACB നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18/09/2024 ലെ LSGD/PD/60304/2023-VIGE4 നമ്പർ കത്ത്.
3. സർക്കാരിന്റെ 10/11/2024 ലെ ഇപിബി3/129/2023 നമ്പർ കുറ്റാരോപണ മെമ്മോകൾ.
4. ശ്രീ. രാധാകൃഷ്ണൻ എം.കെ. 30/01/2024 തീയതി രേഖപ്പെടുത്തി സമർപ്പിച്ച എതിർവാദ പത്രിക.
5. ശ്രീ. ജയൻ പി. 05/03/2025 ൽ സമർപ്പിച്ച എതിർവാദ പത്രിക.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08/10/2025 ലെ LSGD/PD/60304/2023-VIGE4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ പള്ളിക്കര എന്ന സ്ഥലത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും CRZ നിയമങ്ങളും ലംഘിച്ച് 4 നില കെട്ടിടം നിർമ്മിക്കുന്നു എന്നുള്ള പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

i. CRZ 1991 ലെ വിജ്ഞാപന പ്രകാരമുള്ള CRZ അനുമതിയില്ലാതെ, പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പള്ളിക്കര എന്ന സ്ഥലത്ത് CRZ III സോണിൽ

ഉൾപ്പെടുന്ന സ്ഥലത്ത് 4 നില കെട്ടിടം നിർമ്മിച്ചതായും പ്രസ്തുത സ്ഥലത്ത് **KCZMA** യുടെ അനുമതി ലഭ്യമാക്കി 9 മീറ്റർ ഉയരം വരെയുള്ള നിർമ്മാണത്തിന് മാത്രമേ പഞ്ചായത്തിൽ നിന്നും നിർമ്മാണ അനുമതി നൽകാൻ പാടുള്ളു എന്നിരിക്കെ 12 മീറ്റർ ഉയരമുള്ള കെട്ടിടത്തിന് പള്ളിക്കര ഗ്രാമ പഞ്ചായത്ത് നിർമ്മാണ അനുമതി (4622/17-18 തീയതി 19/07/2017) നൽകിയിട്ടുള്ളതാണ്.

ii. നാലു നിലകളും അഞ്ചാം നിലയിൽ വൃത്താകൃതിയിലുമുള്ള ടെറസ്സുമുള്ള പ്രസ്തുത കെട്ടിടത്തിന് 19 മീറ്റർ ഉയരമുള്ളതായി കാണുന്നു. നിർമ്മാണം നിർത്തി വെക്കുന്നതിന് രേഖാമൂലമുള്ള നിർദ്ദേശങ്ങൾ പള്ളിക്കര പഞ്ചായത്തിൽ നിന്നും നൽകിയിട്ടും പരിശോധന നടക്കുന്ന സമയത്തും നിർമ്മാണ പ്രവർത്തികൾ നടത്തി വരുന്നതായി കാണപ്പെട്ടു.

iii. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ മുൻഭാഗം ഗേറ്റിൽ നിന്നും പൊതുമരാമത്ത് റോഡ് വരെ 8 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലും പൊതുസ്ഥലം കയ്യേറി ഇന്റർ ലോക്ക് പാകിയതായും ചെങ്കല്ല് കൊണ്ട് കെട്ടി പൊതുസ്ഥലത്ത് ഓവുചാൽ നിർമ്മിച്ചതായും കാണപ്പെട്ടു.

iv. പഞ്ചായത്ത് ഓഫീസിന് തൊട്ടടുത്തായുള്ള അനധികൃത നിർമ്മാണം ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 10.04.2019 തീയതി പള്ളിക്കര പഞ്ചായത്ത് സെക്രട്ടറി നിർമ്മാണ പ്രവർത്തികൾ നിർത്തിവെക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു മാറ്റുന്നതിനും ഉത്തരവ് ഇറക്കിയിട്ടുള്ളതാണ്. എന്നാൽ കെട്ടിട ഉടമസ്ഥന് തുടർച്ചയായി നോട്ടീസ് നൽകുന്നതല്ലാതെ പൊളിച്ചു നീക്കുന്നതിനുള്ള യാതൊരു ശ്രമവും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

v. ക്രമവൽക്കരിക്കുന്നതിന് അപേക്ഷകൻ നൽകിയ ഫയലിൽ കെട്ടിടത്തിന്റെ ഉയരം, തീരദേശ പരിപാലന നിയമത്തിൽ പ്രതിപാദിച്ചതിനേക്കാൾ കൂടുതൽ ഉണ്ടെന്നിരിക്കെ ആയത് പരിഹരിക്കാതെ, പ്രസ്തുത അപേക്ഷ പഞ്ചായത്ത് സെക്രട്ടറി ശ്രീ. രാധാകൃഷ്ണൻ എം.കെ. തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചതായി കാണുന്നു.

2. മേൽ വിഷയത്തിൽ പെർമിറ്റ് നൽകിയ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ജയൻ പി, അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നടപടി എടുക്കുന്നതിന് വീഴ്ച്ച വരുത്തിയ സെക്രട്ടറി ശ്രീ.രാധാകൃഷ്ണൻ എം.കെ. എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കി അഭിപ്രായ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ ജീവനക്കാരുടെ വിശദീകരണത്തിന്മേൽ കാസർകോഡ് ജില്ല ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, പഞ്ചായത്ത് ഓഫീസിൽ നിന്നുള്ള ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ആയത് ചുവടെ ചേർക്കുന്നു.

*23.12.2010 തീയതിയിലെ 36587(1)/ആർ.എ1/09/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം 300 ചതുരശ്ര മീറ്ററിന് മുകളിൽ പ്ലിന്ത് ഏരിയ വരുന്ന കെട്ടിടങ്ങളുടെ പെർമിറ്റിനുള്ള അപേക്ഷയും, പ്ലാനും അസിസ്റ്റന്റ് എഞ്ചിനീയറാണ് സാങ്കേതിക പരിശോധന നടത്തേണ്ടത്. ടി ഫയലിൽ ഫീൽഡ് പരിശോധന നടത്തി ചെക്ക് ലിസ്റ്റ് തയ്യാറാക്കിയത് അസിസ്റ്റന്റ് എൻജിനീയർക്ക് പകരം ഓവർസിയർ ആണ്. അസിസ്റ്റന്റ് എൻജിനീയർ സൈറ്റ് പരിശോധിച്ചതായും തീയ്യതി രേഖപ്പെടുത്താതെ പെർമിറ്റ് അനുവദിക്കാമെന്നും ഫയലിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. ജയൻ പി. (മുൻ സെക്രട്ടറി) 18/07/2017-ന് ടി പെർമിറ്റ് അനുവദിച്ചത്. എന്നാൽ CRZ ലംഘനമാണെന്ന് ബോധ്യപ്പെട്ടിട്ടും നിയമ വിരുദ്ധമായി നൽകിയ പെർമിറ്റ് റദ്ദാക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിക്കാത്തതിൽ ശ്രീ. ജയൻ പി. സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ച്ച ഉണ്ടായതായി കാണുന്നു. മുൻ സെക്രട്ടറി ചട്ടവിരുദ്ധമായി പെർമിറ്റ് നൽകിയതിന്റെ മറവിൽ 19 മീറ്റർ ഉയരത്തിൽ നാലുനിലകളും, അഞ്ചാം നിലയിൽ ഹെലിപാഡ് നിർമ്മാണവും പൂർത്തിയാക്കിയതിൽ നിയമാനുസരണമുള്ള തുടർനടപടി സ്വീകരിക്കുന്നതിനും, പൊതുസ്ഥലം കൈയ്യേറി ഇന്റർലോക്ക് പാകിയും, ചെങ്കല്ല് കൊണ്ട് കെട്ടി പൊതുസ്ഥലത്ത് ഓവുചാൽ നിർമ്മിച്ചതിലും നടപടി എടുക്കുന്നതിൽ ശ്രീ. രാധാകൃഷ്ണൻ എം.കെ യുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായതായി കാണുന്നു.*

3. തുടർന്ന്, കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായ ശ്രീ. ജയൻ പി., ശ്രീ. രാധാകൃഷ്ണൻ എം.കെ എന്നിവർക്കെതിരെ KCS(CC&A)Rules 1960 ചട്ടം 15 പ്രകാരം പരാമർശം (3) കുറ്റാരോപണ മെമ്മോകൾ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

4. കുറ്റാരോപണ മെമ്മോയ്ക്ക് മേൽ ജീവനക്കാർ പരാമർശം (4), (5) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

**1) ശ്രീ. ജയൻ പി (മുൻ സെക്രട്ടറി)**

നിർമ്മാണത്തിന് സി.ആർ.സെഡ് ബാധകമല്ലാ എന്ന റിപ്പോർട്ടുള്ളതിനാൽ കെട്ടിടത്തിന്റെ ഉയരം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമാണെന്ന് ബോധ്യപെട്ടാണ് നിർമ്മാണനുമതി നൽകിയത് എന്നും കെട്ടിട നിർമ്മാണാനുമതി നൽകിയതിനേക്കാൾ കൂടുതൽ നിർമ്മാണം സ്ഥലത്ത് നടക്കുന്നതായും, റോഡ് പുറമ്പോക്കിൽ കല്ല് പാകുന്നതായും വാർഡ് ചുമതലയുള്ള ക്ലർക്ക് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 16/08/2018 ൽ പ്രവർത്തനം നിർത്തി വെക്കാൻ നോട്ടീസ് നൽകിയിരുന്നു എന്നും 31/10/2028-ന് വിരമിക്കുന്ന ടിയാന് എതിരെ നടപടികൾ

ഒഴിവാക്കണമെന്നും എതിർവാദ പത്രികയിൽ ശ്രീ. ജയൻ പി. അറിയിച്ചിരുന്നു.

<u>അഭിപ്രായ റിപ്പോർട്ട്</u>

*പള്ളിക്കര ഗ്രാമപഞ്ചായത്തിലെ തെക്കുംപുറം കുഞ്ഞി അഹമ്മദ്, തെക്കുംപുറം ഹൗസ്, എന്നയാളുടെ പേരിലുള്ള സർവ്വെ നം. **454/6** ൽ പെട്ട സ്ഥലത്ത് നിലവിലുള്ള **XVII/13** നമ്പർ വാസഗൃഹത്തിന് അധിക നിർമ്മാണം നടത്തുന്നതിനായി **27/06/2017** ലെ അപേക്ഷ പ്രകാരം **18/07/2017** തീയതിയിൽ **749.5** ച. മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അപേക്ഷയിലും പ്ലാനിലും രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ ഉയരം 12 മീറ്ററാണ്. സൈറ്റ് പ്ലാനിൽ ഹൈ ടൈഡ് ലൈനിൽ നിന്നും കെട്ടിടത്തിലേക്കുള്ള ദൂരം രേഖപ്പെടുത്തിയിട്ടില്ല. സ്ഥല പരിശോധന നടത്തിയ ഓവർസിയർ കെട്ടിട നിർമ്മാണ പ്ലോട്ട് **CRZ** മേഖലയിൽപ്പെടുന്നതല്ലെന്ന് ചെക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനീയർ പെർമിറ്റ് അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരമാണ് സെക്രട്ടറി പെർമിറ്റ് അനുവദിച്ചിട്ടുള്ളത് എന്ന സെക്രട്ടറിയുടെ വാദം അംഗീകരിക്കുവാൻ കഴിയുന്നതല്ല.*

*സാങ്കേതികമായ അപാകതകൾ കണ്ടെത്തുന്നതിനാണ് സാങ്കേതിക വിഭാഗം പരിശോധന നടത്തേണ്ടത്. കെട്ടിട നിർമ്മാണ പ്ലോട്ട് **CRZ** മേഖലയിൽപ്പെടുന്നതാണോയെന്ന് പരിശോധിക്കുന്നതിന് തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളുടെ സർവ്വെ നമ്പർ രേഖപ്പെടുത്തിയ **CRZ** പ്ലാൻ **CRZ** നിയമം ബാധകമായ എല്ലാ പഞ്ചായത്തുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിക്കാതെ സ്ഥല പരിശോധന നടത്തി **CRZ** മേഖലയിൽപ്പെടുന്നതല്ലെന്ന് റിപ്പോർട്ട് ചെയ്ത ഓവർസിയർ ശ്രീ. വി. വി. ഉപേന്ദ്രൻ, പെർമിറ്റ് അനുവദിക്കുന്നതിന് ശുപാർശ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ വൈശാഖ്, പെർമിറ്റ് അനുവദിച്ച സെക്രട്ടറി ശ്രീ.പി ജയൻ എന്നിവർ കൃത്യവിലോപം നടത്തിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. പെർമിറ്റ് നൽകിയതിനേക്കാൾ ഒരു നില അധികമായി നിർമ്മിക്കുന്നതിനാലും **CRZ** വ്യവസ്ഥകൾ ലംഘിക്കുന്നതിനാലും നിർമ്മാണം നിർത്തി വെക്കുന്നതിന് **10/08/2018** ന് ശ്രീ.പി ജയൻ നോട്ടീസ് നൽകിയിട്ടുണ്ട്. പെർമിറ്റ് അനുവദിച്ചിട്ടുള്ളത് **CRZ** മേഖലയിലാണെന്ന് ബോധ്യമായിട്ടും ടി വ്യവസ്ഥകൾക്ക് വിരുദ്ധമായി നൽകിയ പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.*

<u>2) ശ്രീ.രാധാകൃഷ്ണൻ എം കെ</u>

നിലവിലുണ്ടായിരുന്ന വീടിന് വിസ്തൃതി കൂട്ടിയെടുക്കാൻ ആയതിനാലും താമസ ആവശ്യത്തിനുള്ള കെട്ടിടമായതിനാലും മുമ്പ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്തും, **LSGD** അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, കാലാകാലങ്ങളിൽ അനധികൃത നിർമാണം

ക്രമവൽകരിക്കുന്നതിനു അപേക്ഷകൾ സ്വികരിക്കാൻ നിർദ്ദേശങ്ങൾ ഉണ്ടാകുന്നതിനാലുമാണ് കെട്ടിട ഉടമയുടെ അപേക്ഷയിൽ വ്യക്തത വരുത്തുന്നതിനായി നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിസ്തീർണവും, അതിന്റെ വാർഡും, കെട്ടിട നമ്പറും, സർവ്വേ നമ്പറും ചേർന്ന വിവരങ്ങൾ അടങ്ങിയ കത്ത് മാത്രമാണ് KCZMA-യ്ക്ക് നൽകിയതെന്നും, അനുമതിക്കായി ശുപാർശ ചെയ്തിട്ടില്ലായെന്നും ശിപാർശ ചെയ്യാത്തതിനാൽ KCZMA പ്രസ്തുത അപേക്ഷ നിരസിച്ചിട്ടുണ്ടെന്നും, നിർമാണം നിയമാനുസൃതമല്ലായെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചതെന്നും കെട്ടിട നമ്പർ നൽകാതിരുന്നത് എന്നും, ചട്ടലംഘനം നടത്തിയ കെട്ടിട ഉടമയെ സഹായിക്കുന്നതിന് നിയമം വിട്ട് യാതൊരു വിധ നടപടിയും സ്വികരിച്ചിട്ടില്ല എന്നും എതിർവാദ പത്രികയിൽ ശ്രീ. രാധാകൃഷ്ണൻ എം.കെ. അറിയിച്ചിരുന്നു.

<u>അഭിപ്രായ റിപ്പോർട്ട്</u>

*19.07.2019 ന് പള്ളിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേറ്റ ശ്രീ. രാധാകൃഷ്ണൻ എം. കെ., തീരദേശ പരിപാലന നിയമം ലംഘിച്ചു കൊണ്ട് നിർമ്മിച്ച വാസഗൃഹം ക്രമവൽക്കരിക്കുന്നതിന് 28/05/2022 ന് തെക്കുംപുറം കുഞ്ഞി അഹമ്മദ് നൽകിയ അപേക്ഷ, തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിച്ചതായി കാണുന്നു. വേലിയേറ്റരേഖയിൽ നിന്നും 320 മീറ്റർ ദൂരം മാത്രമേ പ്രസ്തുത കെട്ടിടത്തിലേക്കുള്ളു. തീരദേശ മേഖലയിൽ കെട്ടിടത്തിന് പരമാവധി 2 നിലയും 9 മീറ്റർ ഉയരവും മാത്രമേ പാടുള്ളു എന്നിരിക്കെ നാലു നിലകളിലായി 19 മീറ്റർ ഉയരത്തിൽ പണിത കെട്ടിടത്തിന്റെ അനധികൃത ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കാതെ ക്രമവൽക്കരിക്കുന്നതിന് തീരദേശ പരിപാലന അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചത് കൃത്യവിലോപമായി മാത്രമേ കാണാൻ കഴിയുകയുള്ളു.*

*തീരദേശ നിയമം ലംഘിച്ചുകൊണ്ട് സർവ്വ നം. 454/6 ൽ പെട്ട സ്ഥലത്ത് വാസഗൃഹത്തിന് അധിക നിർമ്മാണം നടത്തുന്നതിന് പെർമിറ്റ് അനുവദിച്ച സെക്രട്ടറി ശ്രീ. പി. ജയൻ, ചട്ടലംഘനം കണ്ടെത്തിയിട്ടും കെട്ടിടത്തിലെ അനധികൃത ഭാഗങ്ങൾ പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കാതെ ക്രമവൽക്കരിക്കുന്നതിന് തീരദേശ പരിപാലന അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ച സെക്രട്ടറി ശ്രീ.രാധാകൃഷ്ണൻ എം.കെ എന്നിവർ കൃത്യവിലോപം നടത്തിയതായി ബോധ്യമായിട്ടുണ്ട്.*

5. കുറ്റാരോപണ മെമ്മോയ്ക്ക്, കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായ ശ്രീ. ജയൻ പി., ശ്രീ. രാധാകൃഷ്ണൻ എം.കെ എന്നിവർ സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിലും ഇവർക്കെതിരെയുള്ള കുറ്റാരോപണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, KCS(CC&A)Rules 1960 ചട്ടം 15 പ്രകാരമുള്ള

നടപടി ആയതിനാൽ, വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീമതി ഷൈനി ആർ.-നെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി ഷൈനി ആർ., തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കാസർഗോഡ്. *(ഫയലിലെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ബന്ധപ്പെട്ട ജീവനക്കാർ (*തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/129/2023/തസ്വഭവ നമ്പർ

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 01-01-2026 12:15:08
സെക്ഷൻ ഓഫീസർ